പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3724 15.12.2014 ൽ മറുപടിയ്ക്ക്

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

ചോദ്യം
ശ്രീ.കെ.രാധാകൃഷ്ണൻ

മറുപടി
ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികളിലൂടെ അനുവദിച്ച ആനുകൂല്യങ്ങൾ ഇനിയും പൊതുജനങ്ങൾക്ക് ലഭ്യമായിട്ടില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ; | എ) ജനസമ്പർക്ക പരിപാടികളിലൂടെ ലഭ്യമായിട്ടുള്ള ഭൂരിഭാഗം പരാതികളിലും നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. മാത്രമല്ല കോർപ്പറേഷനുകൾ പൊതുമേഖലാ സ്ഥാപനങ്ങൾ ഇവയുമായി ബന്ധപ്പെട്ട് തീർപ്പാക്കാനുള്ള വിഷയങ്ങളിൽ നടപടി ത്വരിതപ്പെടുത്താനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.. |
| ബി) വാഹനാപകടത്തിൽ പരിക്കുപറ്റി ഗുരുതരമായി ചികിത്സ തുടരുന്ന ചേലക്കര മണ്ഡലത്തിൽ ചെറുതുരുത്തി താഴപ്ര യത്തീംഖാന ക്വാർട്ടേഴ്സിൽ ശ്രീവിദ്യ, ശ്രീദേവി സഹോദരിമാർക്ക് 2013 ലെ ജനസമ്പർക്ക പരിപാടിയിലൂടെ 25,000/ രൂപ ധനസഹായവും, 2500/- രൂപ വീതം പ്രതിമാസ പെൻഷനും ഭൂമിയും വീടും അനുവദിച്ചത് ശ്രദ്ധയിലുണ്ടോ ;<br>സി) പ്രസ്തുത ആനുകൂല്യങ്ങൾ ഇതുവരെ ലഭിച്ചിട്ടില്ലെന്ന പരാതി ലഭ്യമായിട്ടുണ്ടോ ;<br>ഡി) എങ്കിൽ ആനുകൂല്യങ്ങൾ എത്രയും വേഗം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | ബി+സി+ഡി) 2013 ലെ ജനസമ്പർക്ക പരിപാടിയിൽ ശ്രീവിദ്യക്കും ശ്രീദേവിക്കും മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായമായി 25,000/-രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. കൂടാതെ, ചികിത്സാ ധനസഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മൂന്നുലക്ഷം രൂപയും അനുവദിച്ചിട്ടുള്ളതും തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുള്ളതുമാണ്. പാലക്കാട് ജില്ലക്കാരായ ഇവർ തൃശ്ശൂർ ജില്ലയിൽ താമസമായിട്ട് ഒരു വർഷമേ ആയിട്ടുള്ളൂ. അതിനാൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ